**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1013** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>മത്സ്യത്തൊഴിലാളി ഇൻഷുറൻസ് പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. റെജി ചെറിയാൻ

ശ്രീ. വർഗീസ് മാമ്മൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ

(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** ആരോഗ്യപരിരക്ഷയും മേഖലയിലെ അപകടസാധ്യതകളും കണക്കിലെടുത്ത് നിലവിൽ സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള ഇൻഷുറൻസ് സംവിധാനത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

**<u>മറുപടി:</u>** മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകട മരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കി വരുന്നു.

ആരോഗ്യപരിരക്ഷയും മേഖലയിലെ അപകടസാധ്യതകളും കണക്കിലെടുത്ത്, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ (മത്സ്യബോർഡ്) അംഗത്വമുള്ള മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ കുടുംബഭദ്രത ഉറപ്പ് വരുത്തുന്നതിനു വേണ്ടി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ, ഗുണഭോക്താക്കളിൽ നിന്നും ഇൻഷുറൻസ് പ്രീമിയം ഒന്നും ഈടാക്കുന്നില്ല എന്നതാണ് പ്രത്യേകത. ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതിയുടെ പ്രീമിയം തുക പൂർണ്ണമായും അതത് വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരാണ് നിർവ്വഹിക്കുന്നത്.

**(ബി)** മത്സ്യത്തൊഴിലാളികൾക്ക് അപകടങ്ങൾ മൂലമുണ്ടാകുന്ന ജീവഹാനിക്കും അംഗവൈകല്യങ്ങൾക്കും പുറമേ, ഏതെല്ലാം സാഹചര്യങ്ങളിലാണ് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മത്സ്യഫെഡിന്റെ ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷുറൻസ് പദ്ധതിയിൽ അംഗത്വമെടുത്ത മത്സ്യത്തൊഴിലാളികൾക്ക് അപകട മരണത്തിനും, അപകടം മൂലം സ്ഥിരമായ അംഗവൈകല്യത്തിനും 10 ലക്ഷം രൂപയുടെ (പത്ത് ലക്ഷം രൂപ) പരിരക്ഷ നൽകുന്നതാണ്. ടി പദ്ധതിയിൽ അപകടം മൂലമുള്ള ആശുപത്രി ചിലവിനത്തിൽ 1 ലക്ഷം രൂപ വരെയും, മരണാനന്തര ചടങ്ങുകൾക്കായി 5000/- രൂപയും (അയ്യായിരം രൂപ), ആംബുലൻസ് ചാർജ്ജായി 5000/- രൂപയും, കോമാ സ്റ്റേജിലായാൽ 1 ലക്ഷം രൂപയും നൽകുന്നതാണ്. കൂടാതെ മരിച്ച മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 1,00,000/- രൂപ (ഒരു ലക്ഷം രൂപ) വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നതാണ്. അംഗവൈകല്യം സംഭവിക്കുന്നവർക്ക് അംഗവൈകല്യത്തിന്റെ തോത് അനുസരിച്ച് മത്സ്യഫെഡ് നടപ്പാക്കുന്ന ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുന്നതാണ്.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് (മത്സ്യബോർഡ്) നടപ്പിലാക്കുന്ന ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക്/ ആശ്രിതർക്ക് നിലവിൽ ചുവടെ പറയും പ്രകാരമുള്ള ആനുകൂല്യങ്ങളാണ് ലഭ്യമാകുന്നത്.

| ക്രമ നം | ഇൻഷുറൻസ് പദ്ധതി | ധനസഹായ തുക |
|---|---|---|
| a | അപകടമരണം | 10 ലക്ഷം രൂപ |
| b | മത്സ്യബന്ധനവേളയിൽ അപകടം മൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| c | സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| d | സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |
| e | അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം | 10,000/- രൂപ വീതം ഒരാൾക്ക് (പരമാവധി 20,000/- രൂപ) |
| f | അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സ വേണ്ടി വരുന്നവർക്ക് ധനസഹായം | 50,000/- (പരമാവധി) |

| | | |
|---|---|---|
| g | ശവസംസ്കാര ചെലവ് | 2,500/- രൂപ |

**(സി)** മത്സ്യത്തൊഴിലാളികൾ രോഗബാധിതരായോ ഹൃദയാഘാതം മൂലമോ മരണപ്പെടുന്ന സാഹചര്യങ്ങളിൽ, ആശ്രിതർക്ക് പ്രസ്തുത ഇൻഷുറൻസ് ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മത്സ്യത്തൊഴിലാളികൾ രോഗബാധിതരായോ ഹൃദയാഘാതം മൂലമോ മരണപ്പെടുന്ന സാഹചര്യങ്ങളിൽ ആശ്രിതർക്ക് ഇൻഷുറൻസ് ആനുകൂല്യങ്ങൾ നിലവിൽ അനുവദിക്കാറില്ല.

**(ഡി)** സംസ്ഥാനത്തെ മുഴുവൻ അംഗീകൃത മത്സ്യത്തൊഴിലാളികൾക്കും സ്വാഭാവിക മരണങ്ങൾ ഉൾപ്പെടെയുള്ള സാഹചര്യങ്ങളിൽ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാകുന്ന വിധത്തിൽ പദ്ധതി ഉടച്ചുവാർക്കാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി വ്യവസ്ഥകൾ പ്രകാരം, സ്വാഭാവിക മരണങ്ങൾ ഉൾപ്പെടെയുള്ള സാഹചര്യങ്ങളിൽ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാകുന്നതല്ല. എന്നാൽ, മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ (ഹാർട്ട് അറ്റാക്ക്, സ്ട്രോക്ക് തുടങ്ങിയ കാരണങ്ങളാൽ) മരണപ്പെടുകയും ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കാൻ അർഹത ഇല്ലാതാകുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് നിലവിലെ മത്സ്യബോർഡിന്റെ തനത് ഫണ്ടിൽ നിന്നും 1,00,000/-രൂപ (ഒരു ലക്ഷം) വരെ ആശ്വാസ ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ, മത്സ്യബന്ധനത്തിനിടെ അപകടം മൂലം കാണാതാകുന്ന / മരണപ്പെടുന്ന മത്സ്യബോർഡിൽ അംഗത്വമില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് / ആശ്രിതർക്ക് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 50,000/- രൂപാ വീതം 25 പേർക്ക് ആകെ 12.5 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി സംബന്ധിച്ച പ്രൊപ്പോസലും സർക്കാരിന്റെ പരിഗണനയിലാണ്.

സംസ്ഥാനത്തെ മുഴുവൻ അംഗീകൃത മത്സ്യത്തൊഴിലാളികൾക്കും സ്വാഭാവിക മരണങ്ങൾ ഉൾപ്പെടെയുള്ള സാഹചര്യങ്ങളിൽ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാകുന്ന വിധത്തിൽ ഒരു സമഗ്ര ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രാഥമിക ചർച്ചകൾ നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**